# 138/2023-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. (1) ബി.എൻ. ഭട്ടാഗർ – ഡോ. രാജാരാമണ്ണ – ലക്ഷ്മണസ്വാമി മുതലിയാർ
   (2) വി.പി. മേനോൻ – ഫസൽ അലി – കെ.എം. പണിക്കർ
   (3) ഗുൽസരിലാൽ നന്ദ – ടി.ടി. കൃഷ്ണമാചാരി – സി.ഡി. ദേശ്മുഖ്

   ഇവയിൽ ഭാഷാ അടിസ്ഥാനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങൾ പുനഃസംഘടന നടത്താൻവേണ്ടി രൂപീകരിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം?

   (A) (1) മാത്രം  (B) (2) മാത്രം
   (C) (3) മാത്രം  (D) ഇവയൊന്നുമല്ല

2. (1) ടെന്നീസ് കോർട്ട് പ്രതിജ്ഞ
   (2) ബോസ്റ്റൺ ടീ പാർട്ടി
   (3) രക്തരൂക്ഷിത ഞായറാഴ്ച
   (4) ബോക്സർ കലാപം

   ഇവയിൽ 'രക്തരൂക്ഷിത ഞായറാഴ്ച' ഏതു വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു?

   (A) റഷ്യൻ വിപ്ലവം  (B) ഫ്രഞ്ച് വിപ്ലവം
   (C) അമേരിക്കൻ വിപ്ലവം  (D) ചൈനീസ് വിപ്ലവം

3. (1) പെൻഗംഗ
   (2) തുംഗഭദ്ര
   (3) ദാമോദർ
   (4) തിസ്ത

   ഇന്ത്യയിലെ ചില നദികളാണിവ. ഇതിൽ ഗോദാവരിയുടെ പോഷകനദി ഏത്?

   (A) (2)  (B) (4)
   (C) (1)  (D) (3)

4. കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം ഇവ ഏത് വിഭാഗത്തിൽപെടുന്നു?

(A) ആണവ ഇന്ധനങ്ങൾ
(B) ധാതു ഇന്ധനങ്ങൾ
(C) പരമ്പരാഗത ഇന്ധനങ്ങൾ
(D) പാരമ്പര്യേതര ഇന്ധനങ്ങൾ

5. 1947 ൽ കെ. കേളപ്പന്റെ അദ്ധ്യക്ഷതയിൽ ഐക്യകേരള പ്രമേയം പാസ്സാക്കിയ കൺവൻഷൻ നടന്നതെവിടെ?

(A) കോഴിക്കോട്
(B) തൃശ്ശൂർ
(C) തലശ്ശേരി
(D) ഒറ്റപ്പാലം

6.



മേൽ തന്നിരിക്കുന്ന അടയാളം ഭൂപടങ്ങളിൽ എന്തിനെ സൂചിപ്പിക്കുന്നു?

(A) കോണ്ടൂർ രേഖകൾ
(B) കോട്ടകൾ
(C) ന്യൂനമർദ്ദ മേഖലകൾ
(D) മിതോഷ്ണ മേഖലകൾ

7. (1) അലഹബാദ് — ഹാൽദിയ
(2) സാദിയ — ധുബ്രി
(3) കോട്ടപ്പുറം — കൊല്ലം
(4) കാക്കിനഡ — പുതുച്ചേരി

ഇന്ത്യയിലെ ചില ദേശീയ ജലപാതകളാണിവ. ഇവയിൽ NW-1 ഏത്?

(A) (4)
(B) (2)
(C) (3)
(D) (1)

8. (1) ലണ്ടൻ മിഷൻ സൊസൈറ്റി (LMS)
(2) ചർച്ച് മിഷൻ സൊസൈറ്റി (CMS)
(3) ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (BEM)

മലബാർ മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഇവരിൽ ആരാണ് നേതൃത്വം നൽകിയത്?

(A) (1) മാത്രം
(B) (1) ഉം (2) ഉം ചേർന്ന്
(C) (3) മാത്രം
(D) (2) മാത്രം

9. 2021 ആഗസ്റ്റിൽ ഇന്ത്യൻ പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച അന്താരാഷ്ട്രഘടകം ഇവയിൽ ഏതാണ്?

(A) UN രക്ഷാസമിതി
(B) UN സെക്രട്ടേറിയറ്റ്
(C) UN ജനറൽ അസംബ്ലി
(D) ലോകബാങ്ക്

10. (1) നെല്ല്

(2) കരിമ്പ്

(3) ചോളം

(4) ഗോതമ്പ്

മേൽപ്പറഞ്ഞ കാർഷികവിളകളിൽ ഉൽപാദനത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്തുള്ള വിള/വിളകൾ ഏത്/ഏവ?

(A) (1) മാത്രം
(B) (4) മാത്രം
(C) (1), (2) എന്നിവ
(D) (1), (4) എന്നിവ

11. (1) സിയാൽ (CIAL)

(2) ഹിൻഡാൽകോ (HINDALCO)

(3) കൊച്ചി മെട്രോ (KMRL)

(4) ഫിലിപ്സ് കാർബൺ ബ്ലാക്ക് ലിമിറ്റഡ് (PCBL)

ഊർജ്ജ സ്രോതസ്സിന്റെ അടിസ്ഥാനത്തിൽ ഇവയിൽ ഒരു സ്ഥാപനം വ്യത്യസ്തമാണ്. ഏത്?

(A) (3)
(B) (4)
(C) (1)
(D) (2)

12. പൗരസ്വാതന്ത്ര്യത്തിനും ജനായത്തഭരണത്തിനും വേണ്ടി നടത്തിയ സമരം ഇവയിൽ ഏതാണ്?

(1) നിവർത്തന പ്രക്ഷോഭം

(2) ഈഴവ മെമ്മോറിയൽ

(3) പുന്നപ്ര വയലാർ കലാപം

(4) അഞ്ചുതെങ്ങ് കലാപം

(A) (4)
(B) (2)
(C) (1)
(D) (3)

13. താഴെ തന്നിട്ടുള്ളവയിൽ റാബി വിളയിൽ ഉൾപ്പെടാത്തത് ഏത്?

(A) കരിമ്പ് (B) ഗോതമ്പ്

(C) പുകയില (D) കടുക്

14. ഇന്ത്യയിലെ പ്രധാന ഇരുമ്പയിര് ഖനനമേഖലകൾ താഴെതന്നിരിക്കുന്നു :

(1) ഒഡിഷ – സുന്ദർഗഡ്

(2) കർണ്ണാടകം – നീലഗിരി

(3) തമിഴ്നാട് – സേലം

(4) ഝാർഖണ്ഡ് – സിംഗ്ഭം

മുകളിൽ തന്നിട്ടുള്ളവയിൽ തെറ്റായ ജോഡി ഏത്?

(A) (1), (3) എന്നിവ (B) (2) മാത്രം

(C) (3), (4) എന്നിവ (D) (4) മാത്രം

15. ചുവടെ കൊടുത്തിട്ടുള്ളവയിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ ഉൾപ്പെടാത്തത് ഏത്?

(A) സൗരോർജ്ജം (B) കാറ്റിൽ നിന്നുള്ള ഊർജ്ജം

(C) പെട്രോളിയം (D) തിരമാലയിൽ നിന്നുള്ള ഊർജ്ജം

16. ലോക വ്യാപാര സംഘടനയുമായി ബന്ധപ്പെട്ട് താഴെതന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായിട്ടുള്ളത് ഏതൊക്കെ?

(1) 1995 ജനുവരി 1 ന് ജനീവ ആസ്ഥാനമാക്കി നിലവിൽ വന്നു

(2) ലോക വ്യാപാര സംഘടനയുടെ സ്ഥാപകരാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ

(3) 2015 ഏപ്രിലിലെ കണക്കനുസരിച്ച് 171 രാജ്യങ്ങൾ അംഗങ്ങളാണ്

(A) (1), (2), (3) എന്നിവ (B) (1), (3) എന്നിവ

(C) (2) മാത്രം (D) (1), (2) എന്നിവ

17. താഴെ തന്നിട്ടുള്ളവയിൽ ഹരിതവിപ്ലവത്തിന്റെ നേട്ടങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം വർദ്ധിച്ചു

(B) ഭക്ഷ്യധാന്യങ്ങളുടെ വില കുറഞ്ഞു

(C) വൻകിട കർഷകരും ചെറുകിട കർഷകരും തമ്മിലുള്ള അന്തരം വർദ്ധിച്ചു

(D) ഭക്ഷ്യധാന്യങ്ങൾ കരുതൽ ശേഖരമായി സംരക്ഷിക്കാൻ സാധിച്ചു

18. 2020 ഏപ്രിൽ 1 ലെ ബാങ്ക് ലയനത്തിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ ലയിച്ച ബാങ്കുകൾ ഏതൊക്കെയാണ്?

(A) ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സും യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യയും

(B) ആന്ധ്രാ ബാങ്കും കോർപ്പറേഷൻ ബാങ്കും

(C) സിൻഡിക്കേറ്റ് ബാങ്കും അലഹബാദ് ബാങ്കും

(D) ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സും ആന്ധ്രാ ബാങ്കും

19. ഇന്ത്യയിൽ ആദ്യമായി ഡിജിറ്റൽ ബജറ്റ് അവതരിപ്പിച്ച കേന്ദ്ര ധനകാര്യമന്ത്രി ആര്?

(A) അരുൺ ജയ്റ്റലി

(B) മൻ മോഹൻ സിംഗ്

(C) പ്രണബ് മുഖർജി

(D) നിർമ്മല സീതാരാമൻ

20. ഒന്നാം പാർലമെന്റിലെ ഏറ്റവും വലിയ ഒറ്റ കക്ഷിയായിരുന്നു :

(A) ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്

(B) ഭാരതീയ ജനതാ പാർട്ടി

(C) കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ

(D) ബഹുജൻ സമാജ് പാർട്ടി

21. ഭരണഘടനയുടെ 356-ാം വകുപ്പ് പ്രയോഗിക്കുന്നത് :

(A) സംസ്ഥാന ഗവണ്മെന്റുകളെ പിരിച്ചുവിടാൻ

(B) കേന്ദ്ര ഗവണ്മെന്റിന്റെ കടമെടുക്കലിന്

(C) സംസ്ഥാനത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ

(D) ധനകാര്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ

22. ഡോ. പി.എം. മുബാറക് പാഷ ഏത് സർവ്വകലാശാലയുടെ വൈസ് ചാൻസലർ ആണ്?

(A) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

(B) കേരള കലാമണ്ഡലം

(C) കണ്ണൂർ സർവ്വകലാശാല

(D) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല

23. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കാലാവസ്ഥാ അനുരൂപ കൃഷി മാതൃകാ പദ്ധതി (2020) ആരംഭിച്ച പ്രദേശം :

(A) കുട്ടനാട് (ആലപ്പുഴ)

(B) മൺറോതുരുത്ത് (കൊല്ലം)

(C) ആറളം (കണ്ണൂർ)

(D) നെന്മാറ (പാലക്കാട്)

24. ധർമടം നിയമസഭാ മണ്ഡലം ഏതു ജില്ലയിലാണ്?

(A) കാസർഗോഡ് (B) വയനാട്

(C) കണ്ണൂർ (D) എറണാകുളം

25. ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അവകാശം നിക്ഷിപ്തമായിരിക്കുന്നത് :

(A) ഗവർണ്ണർക്ക് (B) നിയമസഭയ്ക്ക്

(C) മുഖ്യമന്ത്രിക്ക് (D) സ്പീക്കർക്ക്

26. വിക്ടേഴ്സ് ചാനലിൽ സംപ്രേക്ഷണം ചെയ്യുന്ന 'കിളിക്കൊഞ്ചൽ' എന്ന വിനോദ വിജ്ഞാന പരിപാടിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?

(A) 6 മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്ക്

(B) 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക്

(C) 17 വയസ്സുവരെയുള്ള കുട്ടികൾക്ക്

(D) ഭിന്നശേഷിക്കാരായ കുട്ടികൾക്ക്

27. ഒളിമ്പിക്സ് മെഡൽ ജേതാവ് പി.ആർ. ശ്രീജേഷിന് സംസ്ഥാന സർക്കാർ സ്ഥാനക്കയറ്റം നൽകിയത് :

(A) കൃഷി വകുപ്പിൽ ജോയിന്റ് ഡയറക്ടറായി

(B) വ്യവസായ വകുപ്പിൽ ഡയറക്ടറായി

(C) പോലീസ് സേനയിൽ അസിസ്റ്റന്റ് കമ്മീഷണറായി

(D) വിദ്യാഭ്യാസ വകുപ്പിൽ ജോയിന്റ് ഡയറക്ടറായി

28. UNO യുടെ ഇന്റർ ഗവണ്മെന്റൽ പാനൽ ഓൺ ക്ലൈമേറ്റ് ചെയിഞ്ചിന്റെ അടുത്തിടെ പുറത്തിറങ്ങിയ റിപ്പോർട്ട് :

(A) പതിനാലാമത് (B) ആറാമത്

(C) നാലാമത് (D) ഒൻപതാമത്

29. 2020 വർഷത്തെ പരിസ്ഥിതി ദിനത്തിന്റെ മുഖ്യ പ്രമേയമായിരുന്നു :

(A) ജൈവ വൈവിധ്യത്തെ ആഘോഷിക്കുക

(B) ജീവജാതി വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുക

(C) ജനിതക വൈവിധ്യത്തെ തിരിച്ചറിയുക

(D) ആവാസ വ്യവസ്ഥാ വൈവിധ്യം കാത്തുസൂക്ഷിക്കുക

30. മൗലികാവകാശങ്ങളുടെ ശില്പി:

(A) ജവഹർലാൽ നെഹ്റു
(B) ലാൽ ബഹദൂർ ശാസ്ത്രി
(C) സർദാർ വല്ലഭായ് പട്ടേൽ
(D) ഇതൊന്നുമല്ല

31. കേരളത്തിലെ ആദ്യ സ്പൈസസ് പാർക്ക് സ്ഥിതിചെയ്യുന്നത് :

(A) പുറ്റടി (ഇടുക്കി)
(B) ആറളം (കണ്ണൂർ)
(C) ഉടുമ്പന്നൂർ (ഇടുക്കി)
(D) ആറന്മുള (പത്തനംതിട്ട)

32. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഈയിടെ ആഘോഷിച്ച ജൂബിലി :

(A) സിൽവർ ജൂബിലി
(B) പാറ്റിനം ജൂബിലി
(C) രജത ജൂബിലി
(D) ഇതൊന്നുമല്ല

33. P S C ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് :

(A) മുഖ്യമന്ത്രി
(B) സ്പീക്കർ
(C) ചീഫ് ജസ്റ്റീസ്
(D) ഗവർണ്ണർ

34. കോവിഡ് -19 രോഗപ്രതിരോധത്തിന് റഷ്യ വികസിപ്പിച്ച വാക്സിൻ ഏത്?

(A) മോഡേണ
(B) ഫൈസർ
(C) സ്പുട്നിക്
(D) കോവാക്സിൻ

35. ഗോയിറ്റർ എന്ന രോഗാവസ്ഥ ഏത് ധാതുവിന്റെ അഭാവം കൊണ്ടാണ് ഉണ്ടാകുന്നത് ?

(A) അയൊഡിൻ
(B) സിങ്ക്
(C) സോഡിയം
(D) ഇരുമ്പ്

36. ആരോഗ്യവാനായ ഒരാളുടെ രക്തസമ്മർദ്ദ നിരക്ക് എത്ര?

(A) 80/120 mm/Hg
(B) 60/110 mm/Hg
(C) 120/80 mm/Hg
(D) 90/100 mm/Hg

37. താഴെ പറയുന്നവയിൽ ശരിയല്ലാത്ത ജോഡി ഏത്?

(A) ജീവകം എ — റെറ്റിനോൾ

(B) ജീവകം സി — റൈബോഫ്ലാവിൻ

(C) ജീവകം ബി$_1$ — തയാമിൻ

(D) ജീവകം ഇ — ടോക്കോഫെറോൾ

38. ഹൃദയ സംബന്ധമായ തകരാറുള്ള കുട്ടികൾക്ക് അടിയന്തര ശസ്ത്രക്രിയയും പരിചരണവും ലഭ്യമാക്കുന്ന കേരള സർക്കാറിന്റെ പദ്ധതി :

(A) അമൃതം ആരോഗ്യം (B) മൃതസഞ്ജീവനി

(C) ഹൃദ്യം (D) ആർദ്രം

39. ഇന്ത്യയിൽ കോവിഡ് 19 സ്ഥിരീകരിച്ച ആദ്യ ജില്ല :

(A) ചെന്നൈ (B) തൃശ്ശൂർ

(C) ഗുണ (D) നാഗ്പൂർ

40. താഴെ പറയുന്നവയിൽ അയഡിന്റെ അപര്യാപ്തതകൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ :

(i) ഗോയിറ്റർ
(ii) ക്രറ്റിനിസം
(iii) ഹൈപ്പോതൈറോയിഡിസം

(A) (i) മാത്രം (B) (i), (ii)

(C) (iii) മാത്രം (D) (i), (ii), (iii)

41. ടി.പി.ആർ. (TPR) ന്റെ പൂർണ്ണരൂപം :

(A) ടോട്ടൽ പോസിറ്റിവിറ്റി റേറ്റ് (B) ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ്

(C) ടെസ്റ്റ് പോസിറ്റിവിറ്റി റേഷ്യോ (D) ടോട്ടൽ പേഷ്യന്റ് റേറ്റ്

42. 1 Kg മാസുള്ള വസ്തുവിൻമേൽ ഭൂമി പ്രയോഗിക്കുന്ന ആകർഷണ ബലത്തിന് തുല്യമായ ബലമാണ് ഒരു കിലോഗ്രാം ഭാരം 1 KgWt എത്ര ന്യൂട്ടൺ ആണ്?

(A) 8.9 N (B) 9.5 N

(C) 9.8 N (D) 7.8 N

43. മഴവില്ല് ഉണ്ടാകുവാൻ കാരണമാകുന്ന പ്രകാശപ്രതിഭാസം ഏതാണ്?

(A) പ്രകീർണനം
(B) വിസരണം
(C) ടിന്റൽ പ്രഭാവം
(D) പ്രതിഫലനം

44. ദ്രാവക ഉപരിതലത്തിലെ തൻമാത്രകളുടെ പ്രതലബലത്തിന് കാരണം ഏതു ബലമാണ്?

(A) അഡ്ഹിഷൻ ബലം
(B) കൊഹിഷൻ ബലം
(C) വിസ്ക്കസ് ബലം
(D) ഘർഷണ ബലം

45. ചാന്ദ്രയാൻ 2-ന്റെ പ്രൊജക്ട് ഡയറക്ടർ ആരാണ്?

(A) മുത്തയ്യ വനിത
(B) കെ. ശിവൻ
(C) റിതു സിംഗ്
(D) കിരൺ. എസ്. കുമാർ

46. തമോഗർത്ത രൂപീകരണവുമായി ബന്ധപ്പെട്ട് നടത്തിയ കണ്ടെത്തലുകൾക്ക് 2020 ലെ ഭൗതികശാസ്ത്രത്തിനുള്ള നോബൽ പുരസ്ക്കാരം ലഭിച്ച ശാസ്ത്രജ്ഞൻ ആര്?

(A) ചാൾസ് എം റൈസ്
(B) ഹാർവി ജെ ആൾട്ടർ
(C) റോജർ പെൻറോസ്
(D) മൈക്കൽ ഹഫ്ടൺ

47. അലൂമിനിയത്തിന്റെ അയിരായ ബോക്സൈറ്റിന്റെ രാസസൂത്രം ഏത്?

(A) $Al_2O_3$
(B) $Al_2O_3.2H_2O$
(C) $Al_2O_3.\ H_2O$
(D) $AlCl_3$

48. പരീക്ഷണശാലയിൽ അമോണിയ നിർമ്മാണത്തിൽ ശോഷകാരകമായി ഉപയോഗിക്കുന്ന പദാർത്ഥം ഏത്?

(A) കാൽസ്യം കാർബണേറ്റ്
(B) സൾഫ്യൂരിക്കാസിഡ്
(C) കാൽസ്യം ഓക്സൈഡ്
(D) സൾഫർ ഡൈ ഓക്സൈഡ്

49. നിറമുള്ള സംയുക്തങ്ങൾ ഉണ്ടാക്കുന്ന മൂലകങ്ങൾ ആവർത്തനപട്ടികയിൽ ഏത് ബ്ലോക്കിൽ ഉൾപ്പെടുന്നു?

(A) S ബ്ലോക്ക്
(B) P ബ്ലോക്ക്
(C) d ബ്ലോക്ക്
(D) f ബ്ലോക്ക്

50. 2020-ൽ രസതന്ത്രത്തിനുള്ള നോബൽ പുരസ്കാരം പങ്കിട്ട ജേതാക്കൾ ആരൊക്കെയാണ്?

(A) പോൾ ആർ. മിൽഗ്രാം
റോബർട്ട് ബി. വിൽസൺ

(B) ഗ്രെഗ് സമെൻസ്
വില്യം ജി കീലിൻ

(C) റീൻഹാർഡ് ജെൻസെൽ
ആൻഡ്രിയ ഗെസ്

(D) ഇമ്മാനുവൽ ഷാർപ്പെന്റിയർ
ജെന്നിഫർ എ. ഡൗഡ്ന

51. ജനിതകഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നൂതന ജീൻ എഡിറ്റിംഗ് സങ്കേതത്തിനാണ് 2020-ൽ രസതന്ത്രത്തിനുള്ള നോബൽ പുരസ്കാരം ലഭിച്ചത്. ഈ സാങ്കേതികവിദ്യ ഏത് പേരിൽ അറിയപ്പെടുന്നു?

(A) ക്രിസ്പർ കാസ് 9
(B) DNA - 9
(C) ജീൻ എഡിറ്റിംഗ്
(D) ജീനോം 2020

52. കേരള സാഹിത്യ അക്കാദമിയുടെ ആദ്യ പ്രസിഡന്റ് ആരാണ്?

(A) കുഞ്ഞുണ്ണിമാഷ്
(B) എം.ടി. വാസുദേവൻ നായർ
(C) എം. കൃഷ്ണൻ നായർ
(D) കെ.എം. പണിക്കർ

53. 'സാരേ ജഹാൻസെ അച്ഛാ' എന്ന പ്രശസ്തഗാനം രചിച്ചത് ആരാണ്?

(A) രവീന്ദ്രനാഥ് ടാഗോർ
(B) ജയദേവ്
(C) മുഹമ്മദ് ഇക്ബാൽ
(D) ബങ്കിം ചന്ദ്രചതോപ്ധ്യായ

54. ബഷീർ ദിനമായി ആചരിക്കുന്നത് ഏത് ദിവസം ആണ്?

(A) ജൂൺ 5
(B) മെയ് 31
(C) ജൂലായ് 5
(D) ഏപ്രിൽ 6

55. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ 'സമ്പർക്കക്രാന്തി' എന്ന നോവൽ രചിച്ചത് ആരാണ്?

(A) എസ്. ഹരീഷ്
(B) വി. ഷിനിലാൽ
(C) ഫ്രാൻസീസ് നെറോണ
(D) സക്കറിയ

56. മലയാളത്തിലെ ആദ്യ ശബ്ദസിനിമ ആയി അറിയപ്പെടുന്ന സിനിമ ഏതാണ്?

(A) വിഗതകുമാരൻ
(B) ബാലൻ
(C) ന്യൂസ് പേപ്പർ ബോയ്
(D) ജീവിതനൗക

57. ഇന്ത്യയുടെ ദേശീയ കായിക വിനോദം ഏത്?

(A) ക്രിക്കറ്റ്
(B) ടെന്നീസ്
(C) ഹോക്കി
(D) ഫുട്ബോൾ

58. രഞ്ജി ട്രോഫി ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഹോക്കി
(B) ക്രിക്കറ്റ്
(C) ടെന്നീസ്
(D) ഫുട്ബോൾ

59. താഴെ തന്നിരിക്കുന്നവയിൽ നിന്നും സെർച്ച് എഞ്ചിൻ അല്ലാത്തത് തിരഞ്ഞെടുക്കുക :

(A) Yahoo
(B) Gmail
(C) Google
(D) Bing

60. മനുഷ്യശാരീരിക സവിശേഷതകൾ തിരിച്ചറിയാൻ ഉപയോഗിക്കുന്ന ഉപകരണമാണ് :

(A) ക്യൂ ആർ കോഡ് റീഡർ
(B) ബയോമെട്രിക് സെൻസർ
(C) ഒപ്റ്റിക്കൽ മാർക്ക് റീഡർ
(D) സ്കാനർ

61. റെയിൽവേ റിസർവേഷൻ സിസ്റ്റം ഏത് നെറ്റ്‌വർക്കിന് ഉദാഹരണമാണ്?

(A) PAN
(B) MAN
(C) LAN
(D) WAN

62. ഡിജിറ്റൽ എംപവർമെന്റ് ഫൗണ്ടേഷൻ വിതരണം ചെയ്യുന്ന സോഷ്യൽ മീഡിയ ഫോർ എംപവർമെന്റ് ഇന്നവേഷൻ@കോവിഡ്-19 പുരസ്കാരം 2020-2021-ൽ കരസ്ഥമാക്കിയ സ്ഥാപനം :

(A) KITE
(B) Youngistan Foundation
(C) SAFE KOLLAM
(D) Elixir Foundation

63. സായുധസേനാ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കായ് കേന്ദ്രപ്രതിരോധമന്ത്രാലയം ആരംഭിച്ച ടെലിമെഡിസിൻ സർവ്വീസാണ് :

(A) ആരോഗ്യ സുരക്ഷ
(B) സെഹത് സുരക്ഷ
(C) സെഹത് ഒ പി ഡി
(D) ആരോഗ്യസേതു

64. താഴെ പറയുന്നവയിൽ വിവരാവകാശനിയമത്തിനെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

(a) എല്ലാവിധ വിവരങ്ങളും നിയമപ്രകാരം പ്രാപ്തമാക്കേണ്ടതാണ്.
(b) കംപ്യൂട്ടർ -ൽ ശേഖരിച്ചിരിക്കുന്ന വിവരങ്ങൾ അപേക്ഷന് നൽകേണ്ടതില്ല.
(c) പ്രമാണങ്ങളുടെ പകർപ്പുകൾക്ക് അപേക്ഷകന് അർഹതയുണ്ട്.
(d) അഭിപ്രായസ്വാതന്ത്ര്യത്തിന്റെ ഭാഗമായി വിവരാവകാശത്തെ കണക്കാക്കാം.

(A) എല്ലാ പ്രസ്താവനകളും ശരിയാണ്
(B) പ്രസ്താവനകൾ (c), (d) ഉം ശരിയാണ്
(C) പ്രസ്താവനകൾ (a), (c), (d) ശരിയാണ്
(D) പ്രസ്താവനകൾ (b),(c), (d) ശരിയാണ്

65. ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന ഉപഭോക്തൃ സംരക്ഷണ നിയമങ്ങൾക്ക് സമഗ്രമായ മാറ്റം വരുത്തിയത് എന്നാണ്?

(A) 1986
(B) 2019
(C) 2017
(D) 2018

66. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

(a) മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനുള്ള നിയമത്തിൽ "രണ്ടാനച്ഛനെയും രണ്ടാനമ്മയെയും" അച്ഛനമ്മമാർ എന്ന നിർവചനത്തിൽ ഉൾപ്പെടുത്തുന്നില്ല.
(b) മുതിർന്ന പൗരൻമാരുടെ സംരക്ഷണചുമതല അവരുടെ മക്കൾക്കും മക്കളുടെ മക്കൾക്കും മാത്രമാണ്.
(c) പൗരാവകാശനിയമപ്രകാരം അസ്പൃശ്യതകാരണമാക്കിയുള്ള മതപരമായ അവശതകൾ നിരോധിക്കുന്നില്ല.
(d) ദേശീയ മനുഷ്യാവകാശകമ്മീഷനിലെ അംഗങ്ങളെ നിയമിക്കുന്നതിന് ശുപാർശ നൽകുന്ന കമ്മിറ്റിയുടെ അധ്യക്ഷൻ രാഷ്ട്രപതി ആണ്.

(A) എല്ലാ പ്രസ്താവനകളും ശരിയാണ്
(B) പ്രസ്താവന (b), (d) ശരിയാണ്
(C) പ്രസ്താവന (a), (b), (d) ശരിയാണ്
(D) എല്ലാ പ്രസ്താവനകളും തെറ്റാണ്

67. ഇന്ത്യൻ ശിക്ഷാനിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് മനുഷ്യജീവന് അപകടമാവുന്ന രീതിയിൽ പൊതുവഴിയിലൂടെ വാഹനം ഓടിക്കുന്നത് ശിക്ഷാർഹമാവുന്നത്?

(A) വകുപ്പ് 279
(B) വകുപ്പ് 300
(C) വകുപ്പ് 302
(D) വകുപ്പ് 311

68. കുട്ടികളെ ലൈംഗികാതിക്രമത്തിൽ നിന്ന് രക്ഷിക്കുന്നതിനുള്ള പ്രത്യേക നിയമപ്രകാരം സ്പെഷ്യൽ കോർട്ട് ആയി നിയോഗിക്കപ്പെട്ടിട്ടുള്ള കോടതി ഏതാണ്?

(A) മജിസ്ട്രേറ്റ് കോടതി
(B) മുൻസിഫ് കോടതി
(C) സെഷൻസ് കോർട്ട്
(D) സബ് കോർട്ട്

69. ലോക ഉപഭോക്തൃദിനമായി ആചരിക്കുന്നത് :

(A) മാർച്ച് 15
(B) മാർച്ച് 16
(C) ഏപ്രിൽ 15
(D) ഏപ്രിൽ 16

70. ബാലവേല നിയന്ത്രിക്കുന്നത് ഭരണഘടനയിലെ ഏത് അനുച്ഛേദമാണ്?

(A) അനുച്ഛേദം 22
(B) അനുച്ഛേദം 23
(C) അനുച്ഛേദം 24
(D) അനുച്ഛേദം 25

71. ഒരാൾ ഒരു സാധനം 1,250 രൂപയ്ക്ക് വിറ്റപ്പോൾ അയാൾക്ക് 25% ലാഭം കിട്ടി. എന്നാൽ എത്ര രൂപയ്ക്ക് വിറ്റാൽ അയാൾക്ക് 10% നഷ്ടം ഉണ്ടാകും?

(A) 1,000
(B) 1,100
(C) 900
(D) 1,200

72. ഒരു സമപാർശ്വത്രികോണത്തിലെ തുല്യമല്ലാത്ത കോൺ $80^\circ$ ആയാൽ തുല്യമായ കോണുകളുടെ അളവ് :

(A) $80^\circ$
(B) $40^\circ$
(C) $50^\circ$
(D) $100^\circ$

73. 6 ലിറ്റർ പാൽ 8 കുപ്പികളിൽ തുല്യമായി വീതിച്ചതിനുശേഷം ഒരു കുപ്പിയിലെ പാലിന്റെ $\frac{2}{3}$ ഭാഗം എടുത്ത് ചായ ഉണ്ടാക്കി. എന്നാൽ ചായക്ക് ഉപയോഗിച്ച പാൽ എത്ര ലിറ്റർ ആണ്?

(A) $\frac{3}{4}$ ലിറ്റർ
(B) $\frac{2}{3}$ ലിറ്റർ
(C) $\frac{1}{2}$ ലിറ്റർ
(D) $\frac{3}{2}$ ലിറ്റർ

74. ഒരു ചതുരത്തിന്റെ നീളവും വീതിയും തമ്മിലുള്ള അംശബന്ധം 5 : 2 ആകുന്നു. ചതുരത്തിന്റെ ചുറ്റളവ് 140 cm ആയാൽ ചതുരത്തിന്റെ പരപ്പളവ് എത്ര?

(A) 1400 $cm^2$ (B) 1000 $cm^2$
(C) 700 $cm^2$ (D) 2800 $cm^2$

75. ഒരു സമാന്തരപ്രോഗ്രഷനിലെ '$n$' പദങ്ങളുടെ തുക $3n^2 + 1$ ആയാൽ 10-ാം പദം എത്ര?

(A) 39 (B) 49
(C) 301 (D) 31

76. ഒരു പോസിറ്റീവ് സംഖ്യയുടെ 4 മടങ്ങ്, സംഖ്യയുടെ വർഗ്ഗത്തിൽനിന്ന് 96 കുറച്ചതിനോട് തുല്യമായാൽ സംഖ്യ ഏത്?

(A) 10 (B) 8
(C) 12 (D) 9

77. 3, 12, 27, 48 — എന്ന ശ്രേണിയിലെ അടുത്ത പദമേത്?

(A) 82 (B) 75
(C) 108 (D) 96

78. ക്ലോക്കിലെ സമയം 3.20 ആകുമ്പോൾ മിനുട്ട് സൂചിയും മണിക്കൂർ സൂചിയും തമ്മിലുള്ള കോണളവ് എത്ര?

(A) $20^\circ$ (B) $30^\circ$
(C) $32^\circ$ (D) $40^\circ$

79. ഒരു ഫുട്ബോൾ ടൂർണ്ണമെന്റിൽ പങ്കെടുക്കുന്ന എല്ലാ ടീമുകളും പരസ്പരം കളിച്ചപ്പോൾ ആകെ 28 കളികൾ ഉണ്ടായി. എങ്കിൽ പങ്കെടുത്ത ടീമുകളുടെ എണ്ണം :

(A) 6 (B) 8
(C) 9 (D) 10

80. CAT = 24, BAT = 23, MAT = 34 ആയാൽ SAT ന് തുല്യമായ സംഖ്യ :

(A) 28 (B) 32
(C) 40 (D) 44

81. Change into passive voice :
Open the window

(A) Can the window be opened
(B) Will the window be opened
(C) Shall the window be opened
(D) Let the window be opened

82. Use the proper question tag :
Everyone is excited, ————?

(A) Isn't he?
(B) Aren't he?
(C) Aren't they?
(D) Is he?

83. Find out the correct answer :

(A) An L.D. Clerk
(B) A M.L.A.
(C) A umbrella
(D) An ewe

84. No sooner had he written his first novel, ———— he started the next.

(A) then
(B) when
(C) than
(D) did

85. Change into indirect speech :
The Master said, "Charity begins at home".

(A) The Master said that charity began at home
(B) The Master said that charity begins at home
(C) The Master said that charity is beginning at home
(D) The Master said that charity has begun at home

86. Use the suitable preposition :
The Minister came ———— a helicopter.

(A) upon
(B) on
(C) over
(D) in

87. Find out the correct type of sentence :
"What a beautiful Scenery!"

(A) Exclamatory sentence
(B) Interrogative sentence
(C) Imperative sentence
(D) Assertive sentence

88. Furniture in this room ———— good.

(A) is
(B) are
(C) have
(D) be

89. I ———— to play football when I was in U.K.

(A) need
(B) ought
(C) dare
(D) used

90. I dislike ———— (watch) TV.

(A) to watch
(B) watching
(C) watches
(D) watched

91. ശരിയായ പ്രയോഗം തിരിച്ചറിയുക :

(A) വിശ്വസ്ഥൻ
(B) വിശ്വസ്തൻ
(C) വിശ്വസിതൻ
(D) വിശ്വസ്ത്തൻ

92. 'കാട്' - പര്യായ ശബ്ദം കണ്ടെത്തുക :

(A) അടവി
(B) കന്ധരം
(C) വാപി
(D) പാദപം

93. 'Decree' - എന്ന പദത്തിന്റെ മലയാള പരിഭാഷ :

(A) വാദം
(B) ഹർജി
(C) വിധി
(D) സാക്ഷി

94. ഒറ്റപ്പദം എഴുതുക :
കൃഷിയെ സംബന്ധിക്കുന്നത്

(A) കാർഷികം
(B) കൃഷകം
(C) കർഷകം
(D) കർഷകൻ

95. പിരിച്ചെഴുതുക :
നിരർത്ഥം

(A) നി + രർത്ഥം
(B) നിര + അർത്ഥം
(C) നി + അർത്ഥം
(D) നി: + അർത്ഥം

96. ബഹുവചന ശബ്ദം കണ്ടെത്തുക :

(A) പെണ്ണുങ്ങൾ
(B) കുട്ടികൾ
(C) വൈദ്യർ
(D) കാർന്നോർ

97. പുല്ലിംഗ ശബ്ദം തിരിച്ചറിയുക :

(A) നങ്ങ്യാർ
(B) മഹാൻ
(C) പ്രഭ്വി
(D) ബ്രാഹ്മണി

98. വിപരീതപദം കണ്ടെത്തുക :
ആരോഹണം

(A) അനാവരണം
(B) അനാച്ഛാദനം
(C) അവരോഹണം
(D) അപഹരണം

99. ചേർത്തെഴുതുക :
മഹത് + ചരിതം

(A) മഹച്ചരിതം
(B) മഹശ്ചരിതം
(C) മഹാശ്ചരിതം
(D) മഹതച്ചരിതം

100. സമാനപദം കണ്ടെത്തുക :
ധരണി

(A) ഭൂമി
(B) തടിനി
(C) ജലധി
(D) ആരണി

SPACE FOR ROUGH WORK

SPACE FOR ROUGH WORK

FINAL ANSWER KEY

Question Paper Code: 138/2023

LOWER DEVISION CLERK (Ex-Servicemen), SERGEANT - VARIOUS

Medium of Question: MALAYALAM

Date of Test: 02/08/2023

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | D | C | B | D |
| 2 | A | X | A | C |
| 3 | C | B | D | A |
| 4 | X | A | C | X |
| 5 | B | D | A | B |
| 6 | A | C | X | D |
| 7 | D | A | B | D |
| 8 | C | X | D | A |
| 9 | A | B | D | C |
| 10 | X | D | A | X |
| 11 | B | D | C | B |
| 12 | D | A | X | A |
| 13 | A | C | D | C |
| 14 | B | D | C | A |
| 15 | C | C | A | D |
| 16 | D | A | D | A |
| 17 | C | D | A | B |
| 18 | A | A | B | C |
| 19 | D | B | C | D |
| 20 | A | B | A | D |
| 21 | C | C | B | B |
| 22 | D | A | D | A |
| 23 | B | B | B | C |
| 24 | C | D | A | A |
| 25 | A | B | C | X |
| 26 | B | A | A | D |
| 27 | D | C | X | A |
| 28 | B | A | D | C |
| 29 | A | X | A | D |
| 30 | C | D | C | B |
| 31 | A | A | D | C |
| 32 | X | C | B | A |
| 33 | D | D | C | B |
| 34 | C | A | C | C |
| 35 | A | C | C | C |
| 36 | C | C | A | A |
| 37 | B | C | B | D |
| 38 | C | B | D | B |
| 39 | B | D | B | B |
| 40 | D | B | B | C |
| 41 | B | B | C | B |
| 42 | C | A | A | B |
| 43 | A | B | C | C |
| 44 | B | A | B | C |
| 45 | A | C | C | D |
| 46 | C | B | C | A |
| 47 | B | C | D | C |
| 48 | C | C | A | A |
| 49 | C | D | C | B |
| 50 | D | A | A | A |

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 51 | A | C | B | C |
| 52 | D | C | B | C |
| 53 | C | C | B | B |
| 54 | C | B | C | D |
| 55 | B | B | B | C |
| 56 | B | C | D | C |
| 57 | C | B | C | B |
| 58 | B | D | C | B |
| 59 | B | D | A | C |
| 60 | B | A | C | B |
| 61 | D | C | B | B |
| 62 | A | B | B | D |
| 63 | C | B | D | A |
| 64 | B | B | A | A |
| 65 | B | D | C | C |
| 66 | D | A | A | B |
| 67 | A | C | C | B |
| 68 | C | A | B | D |
| 69 | A | C | B | A |
| 70 | C | B | D | C |
| 71 | C | C | X | B |
| 72 | C | B | C | A |
| 73 | C | X | B | B |
| 74 | B | C | A | C |
| 75 | X | B | B | C |
| 76 | C | A | C | C |
| 77 | B | B | C | C |
| 78 | A | C | C | B |
| 79 | B | C | C | X |
| 80 | C | C | B | C |
| 81 | D | A | B | A |
| 82 | C | C | D | A |
| 83 | A | B | A | D |
| 84 | C | D | A | B |
| 85 | B | A | D | D |
| 86 | D | A | B | C |
| 87 | A | D | D | A |
| 88 | A | B | C | C |
| 89 | D | D | A | B |
| 90 | B | C | C | D |
| 91 | B | C | D | B |
| 92 | A | A | B | C |
| 93 | C | D | B | A |
| 94 | A | B | C | A |
| 95 | D | B | A | B |
| 96 | B | C | A | A |
| 97 | B | A | B | C |
| 98 | C | A | A | A |
| 99 | A | B | C | D |
| 100 | A | A | A | B |

'X' DENOTES DELETION